# അഗാപെ കൈയ്യെഴുത്തു മാസിക

agape

VOLUME-XIII



EVEN AS HE SPOKE MANY PUT THEIR FAITH IN HIM.

JOHN 8 : 30

follow us:

+971 50 3243161 GMail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagzine.com

# CONTENTS

1. EDITORIAL

2. ARTICLE – A GLANCE OVER JOHN:20

3. ACTS OF THE APOSTLES – A STUDY

4. BIBLE HISTORY

5. ARTICLE – LIFE STYLE EVANGELICALISM

6. MARANATHA NEWS-BIBLE CLASS

7. WHAT A FRIEND-MUSIC NIGHT

8. QUIZ

COVER PAGE DESIGN BY MANU RAJU

## മുഖവുര.

മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തതുപോലെ കേരളത്തിൽ ഭവനങ്ങൾ പണിതു കൂട്ടുന്നു. താമസിക്കുവാൻ ആരുമില്ലെങ്കിലും.. ഇതിൽ പ്രധാന ആകർഷണമായിട്ടുള്ളത് വാസ്തു വിധി പ്രകാരമാണ് വീടുകൾ പണിയുന്നത് എന്നുള്ളതാണ്. കന്നിമൂല, ദർശനത്തിന്റെ പ്രത്യേകത എന്നു വേണ്ട, കൂടുതൽ പണമുള്ളവർ വാസ്തു വിദഗ്ദരെ കൊണ്ട് വരപ്പിക്കുകയും അല്ലാത്തവർ ഒരു സാധാ ആശാരിയെ കൊണ്ടെങ്കിലും നോക്കിച്ചിരിക്കും. നേരത്തെ പണിത വീടാണെങ്കിലും വാസ്തു വിധി പ്രകാരം അല്ല പണിതതെങ്കിൽ വീടിന്റെ ഒരു ഭാഗം പൊളിച്ചു ഇവർ പറയുന്നതുപോലെ പണിയുവാനും തയ്യാറാകുന്നു.

ഇതിലേറ്റം വിരോധാഭാസമായി കാണുന്നത് വേർപെട്ടു കർത്താവിനെ സേവിക്കുവാൻ ഇറങ്ങിയവരിലും ഒട്ടുമിക്ക പേരും വാസ്തു-വിധി പ്രകാരമാണ് വീടു പണിയുന്നത് എന്നുള്ളതാണ്. 2 രാജാക്കന്മാരുടെ പുസ്തകം 21ാം അദ്ധ്യായം 6ാം വാക്യത്തിൽ രാജാവായ മനശ്ശെയെ കുറിച്ച് എഴുതിയിരിക്കുന്നു: "അവൻ തന്റെ മകനെ അഗ്നി പ്രവേശം ചെയ്യിക്കുകയും മുഹൂർത്തം നോക്കുകയും ആഭിചാരം പ്രയോഗിക്കുകയും വെളിച്ചപ്പാടന്മാരെയും ലക്ഷണം പറയുന്നവരെയും നിയമിക്കുകയും ചെയ്തു. യഹോവയെ കോപിപ്പാൻ തക്കവണ്ണം അവന്നു അനിഷ്ടമായുള്ളതു പലതും ചെയ്തു."

നാമും യഹോവയിലുള്ള പൂർണ്ണമായ ആശ്രയം മാറ്റിയിട്ട് അന്യദൈവങ്ങളെ ആശ്രയിക്കുന്നു. വരും തലമുറയെയും അതു ചെയ്യുവാൻ പ്രേരിപ്പിക്കുന്ന വിധത്തിലേക്കു കാര്യങ്ങളെ നീക്കുന്നു. യേശു കർത്താവു നമുക്കു ഒരു യാഥാർത്ഥ്യമല്ലാതായിരിക്കുന്നു. എന്നോ ജനിച്ചു മരിച്ച ഒരു വ്യക്തിയെന്ന നിലയിൽ മാത്രം അവനെ നോക്കികാണുന്നു. -

ഒരു ദൈവദാസൻ പറഞ്ഞതുപോലെ ലോകം ഒരു വിപണിയായി മാറിക്കഴിഞ്ഞു. ആരാധനയ്ക്കു പള്ളിയിൽ വരുന്ന സമയം മാത്രം അവനെ കാണുന്നു. നമ്മൾ അവനെ ഭവനങ്ങളിലേക്ക് ക്ഷണിക്കുന്നില്ല. നമ്മുടെ അനുദിന ജീവിതത്തിൽ അവൻ പങ്കാളിയല്ല. നിസ്സാര കാര്യം പോയിട്ട് സുപ്രധാന തീരുമാനങ്ങൾ പോലും ലോകവുമായി ആലോചന കഴിക്കാത്ത വീടിന്റെ മുമ്പിലും ക്രിസ്തു ഈ വീടിന്റെ നാഥൻ എന്ന ബോർഡു കാണാം. ഗലാത്യർക്കു എഴുതിയ ലേഖനത്തിൽ കാണുന്നതുപോലെ ക്രിസ്തുവിന്റെ കൃപയാൽ നിറഞ്ഞു വിളിച്ചവനെ വിട്ടു നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്കു മറിയുന്നതു കൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു (1:6), ആത്മാവു കൊണ്ടു ആരംഭിച്ചിട്ടു ഇപ്പോൾ ജഡം കൊണ്ടു സമാപിക്കുന്നു (3:3).

നമ്മൾ ചെയ്യുന്ന ആരാധനയും, പാട്ടും, പ്രാർത്ഥനയും, പ്രസംഗവും, ഉപവാസവും, ദശാംശവും... എല്ലാത്തിന്റെയും പിന്നിൽ പ്രവർത്തിച്ച പ്രചോദനം എന്തായിരുന്നുവെന്നാണ് ദൈവം നോക്കുന്നത്. കാര്യം തീർക്കുന്ന നാളിൽ നമ്മുടെ ബാഹ്യമായ പ്രകടനങ്ങളിൽ ഒന്നിലും ദൈവം ഉണ്ടായിരുന്നില്ല എന്നുള്ള തിരിച്ചറിവ് നമ്മെ ഞെട്ടിപ്പിക്കുന്നതായിരിക്കും.


ശിഷ്യന്മാർക്കാണ് ക്രിസ്ത്യാനികൾ എന്ന പേരു ലഭിച്ചത്. മറ്റു മതങ്ങളെ പോലെ ഒരു മതമാക്കി ശിഷ്യത്വത്തെ മാറ്റിയവരെ കുറിച്ചു എന്തു പറയാൻ. "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും സ്വന്ത ജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല. [ലൂക്കോസ് 14:26]. ശിഷ്യത്വത്തിന്റെ അടിസ്ഥാന യോഗ്യത പോലും ഇല്ലാതെയാണ് നാം ലോകത്തിന് ക്രിസ്ത്യാനി-

കൊണ്ടായിരിക്കുന്നത്. നമ്മൾ തോന്നിയതിൽ സഞ്ചരിക്കാതെ, "ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ" (റോമർ 6:16)

പ്രിയമുള്ളവരെ, വാസനയും, ശക്തിയും, ലക്ഷ്യവും നോക്കിയിരിക്കിൽ നമ്മുടെ ഭവനത്തിൽ അർത്ഥമുണ്ടാകും എന്നു പറയുന്ന വാനിറ്റി താൽപര്യക്കാരോട് "ഞാൻ യേശുവിനെ കൂടാതെ ഒന്നും ചെയ്യുകയില്ല" എന്നു പറയുവാനും, പ്രവർത്തിക്കുവാനും ധൈര്യം കാട്ടാം.

ലോകം വിട്ടു പണിത കൂടുകൾ...
യേശുവിനെ കൂടാതെ ഭവനം പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു എന്ന തിരിച്ചറിവില്ലാതെ....

പ്രാർത്ഥന:- കാറ്റും വെളിച്ചവും കിട്ടുന്ന തരത്തിലും, താമസിക്കുവാൻ മനസ്സിനിണങ്ങിയ തരത്തിലും പണിയുവാൻ വിദഗ്ദ്ധോപദേശം തേടരുതെന്നോ, ജ്ഞാനികളോടൊപ്പം ചെയ്യരുത് എന്നോ മേൽപ്പറഞ്ഞതിനർത്ഥമില്ല.


He arose!
He arose!
Hallelujah,
Christ arose!
ARTICLE
A GLANCE OVER JOHN:20– BY SHIJIN CLEMENT
www.agapemagazine.com

# അഗാപെ കൈയ്യെഴുത്തു മാസിക

ലേഖനം.-

ഷിജിൻ ക്ലെമന്റ്, ദുബായ്

ദൈവം ഈ ലോകത്തിൽ മനുഷ്യനെ സൃഷ്ടിച്ചത് അവനുമായി കൂട്ടായ്മ ആചരിച്ച് ദൈവത്തോടു കൂടെ ആയിരിക്കുവാൻ വേണ്ടിയാണ്. ആദാം പാപം ചെയ്യുന്നതിനു മുമ്പ് വരെ ദൈവവുമായി ഈ ബന്ധം ഉണ്ടായിരുന്നതായി കാണുവാൻ കഴിയും. എന്നാൽ പാപം മൂലം ദൈവവുമായുള്ള മനുഷ്യന്റെ കൂട്ടായ്മ നഷ്ടപ്പെടുവാൻ ഇടയായി. കരുണാസമ്പന്നനായ ദൈവം തന്റെ പുത്രനിൽ കൂടെ വീണ്ടും ഈ ലോകജനത്തെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നു.

എന്നാൽ ഇന്നു ലോകത്തിൽ യേശുവിനെ പിൻപറ്റുന്നവർ ശരിയായ രീതിയിലാണോ അവനെ സ്നേഹിക്കുന്നത് എന്ന് നോക്കാം. വിശുദ്ധ ബൈബിളിൽ നമുക്ക് ഒരു സ്ത്രീയെ കാണുവാൻ കഴിയും, മഗ്ദലന മറിയം. ദൈവത്തിന്റെ മനസ്സ് ആയിരുന്നു യേശുവിന്റെ മരണവും പുനരുത്ഥാനവും എന്നു മനസ്സിലാക്കാതെ യേശുവിനെ സ്നേഹിക്കുവാൻ മാത്രം അറിയാമായിരുന്ന മറിയം ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ യേശുവിന്റെ ശരീരം സുഗന്ധദ്രവ്യം പൂശുവാൻ പോയി. യഹൂദന്മാരുടെ പാരമ്പര്യ പ്രകാരം മൂന്നു ദിവസം


മൃതശരീരം സുഗന്ധദ്രവ്യങ്ങളാൽ സൂക്ഷിക്കണം എന്നതനുസരിച്ച് പോയതാണ്. എന്നാൽ കല്ലറയിൽ യേശുവിനെ കാണാത്തതിനാൽ ഓടി യേശുവിന്റെ ശിഷ്യന്മാരോട് കാര്യം പറഞ്ഞു. ഇത് കേട്ട ശിഷ്യന്മാർ ഓടി കല്ലറയിൽ കടന്നു. യേശുവിന്റെ ശരീരം അവിടെ ഇല്ല എന്നു കണ്ട് തിരിച്ച് മടങ്ങിപ്പോയി. എന്നാൽ മറിയ തിരിച്ചു പോകുവാൻ തയ്യാറല്ലായിരുന്നു. ശിഷ്യന്മാർ കല്ലറയുടെ അകത്ത് കയറിയിട്ടും ഒന്നും കണ്ടില്ല എന്നാൽ മറിയ പുറത്ത് നിന്ന് ഒന്ന് കുനിഞ്ഞ് നോക്കിയതേ ഉള്ളൂ, അവിടെ ദൂതന്മാർ ഇരിക്കുന്നത്-

ഒരു. അവർ അവനെ അന്വേഷിച്ചു. എന്നിട്ടും തൃപ്തി വരാതെ കല്ലറക്കു ചുറ്റും ചുറ്റി നടന്ന മറിയ അടുത്തതായി കണ്ടതു തോട്ടക്കാരനെ ആയിരുന്നു. അവനോടും യേശുവിനെ കുറിച്ചു ചോദിച്ചു. എന്നാൽ അതു യേശു തന്നെ ആയിരുന്നു. യേശുവിന്റെ പുനരുത്ഥാനത്തിന്റെ ആദ്യത്തെ സാക്ഷിയാകുവാനുള്ള ഭാഗ്യം മറിയക്കു ലഭിച്ചു. കാരണം അവർക്ക് കർത്താവിനോടുള്ള അഗാധമായ സ്നേഹം തന്നെ ആയിരുന്നു. അതു മാത്രമല്ല യേശു കർത്താവിന്റെ ആദ്യത്തെ സുവിശേഷിക കൂടിയാണ് അവൾ.

പ്രിയ സുഹൃത്തേ, ഈ ക്രിസ്തു നമുക്ക് ആരാകുന്നു? ഈ ലോകം പറയുന്നു അവൻ ദൈവത്തിന്റെ ദൂതനെന്നും, ചരിത്ര പുരുഷനെന്നും, നല്ല പ്രവാചകനെന്നും. എന്നാൽ നിനക്ക് യേശു ആരാണ്? ഇന്ന് ലോകത്തിൽ ക്രിസ്തു സമൃദ്ധിദായകനും വിടുവിക്കുന്നവനും ദൈവമാണ്. അതു മാത്രമാണോ ക്രിസ്തു. അതിനു വേണ്ടി മാത്രമാണോ ക്രിസ്തു ഈ ലോകത്തിലേക്ക് കടന്നു വന്നത്. നിന്റെ ആവശ്യങ്ങൾ മാത്രം നടത്തിത്തന്ന് നിന്നെ വഴിയിൽ ഉപേക്ഷിച്ചു പോകുന്ന വ്യക്തിയല്ല ക്രിസ്തു.

അനേകായിരങ്ങൾ ഇന്ന് വചനങ്ങൾ അറിയിക്കപ്പെടുന്നു. മറ്റു ചിലർ യേശുവിനെ വിശ്വസിക്കുന്നത് തങ്ങളുടെ ആവശ്യങ്ങളിൽ ആശ്രയമായി മാത്രം. മറ്റു ചിലർ യേശുവിനെ മറിയം സ്നേഹിച്ചതു പോലെ സ്നേഹിക്കുന്നു.

പ്രിയ സ്നേഹിതാ, ഈ ദിവസങ്ങളിൽ ദൈവം നൽകുന്ന നന്മ അനുസരിച്ച് മാത്രം അവനെ സ്നേഹിക്കാതെ നമ്മെ മരണത്തിൽ നിന്ന് വീണ്ടെടുത്ത് മഹിമ ഏറിയ പദവിയിലാക്കിയതോർത്ത് കൊണ്ട് മറിയ സ്നേഹിച്ചതുപോലെ മടുപ്പില്ലാതെ നമുക്ക് ഇന്ന് അവനെ സ്നേഹിക്കാം.


അഗാപെ കൈയ്യെഴുത്തു മാസിക
He is your praise;
He is your God,
who performed for you those great and awesome
wonders you saw with your own eyes.
Deuteronomy 10:21
ACTS OF THE APOSTLES-A STUDY
www.
com

അപ്പൊ. പ്രവൃത്തികൾ ഒരു പഠനം.

ദൈവനാമത്തിന് വീണ്ടും സ്തോത്രം ചെയ്യുന്നു. വീണ്ടും അപ്പൊ. പ്രവൃത്തികൾ എന്ന പുസ്തകം ചിന്തിക്കുവാൻ കർത്താവ് നല്കിയ കൃപയ്ക്കായി ദൈവത്തിന് നന്ദി പറയുന്നു.

യേശു കർത്താവിന്റെ കൂടെ നടന്നിട്ടും, അവന്റെ സ്നേഹവും കരുതലും ഒക്കെ അനുഭവിച്ചിട്ടും പിൻമാറ്റത്തിൽ പോയി പാപത്തോട് പാപം കൂട്ടി കൂട്ടി കൊടും ഭക്തികെട്ടവനായി, കൂട്ടു സഹോദരൻമാർക്കോ മറ്റു ശിഷ്യൻമാർക്കോ ആർക്കും ഒരിക്കലും തന്റെ ഹൃദയത്തെ അറിയിക്കാതിരുന്ന ഒരുവന്റെ അവസാനം നാം പഠിച്ചു കഴിഞ്ഞു. ഇതൊക്കെയും നമുക്കു ദൃഷ്ടാന്തമായി തീരേണം. കർത്താവു ഓർമ്മിപ്പിക്കുന്ന സമയത്ത്, പാപബോധം പരിശുദ്ധാത്മാവു ഉള്ളിൽ തരുമ്പോൾ തന്നെ മടങ്ങി വരുവാൻ ശ്രമിച്ചു കൊള്ളേണം. അല്ലെങ്കിൽ അഗാധത്തിലേക്ക് നാം നിപതിച്ചുപോകും. തിരിച്ചു വരാമെന്നായിരിക്കാം നാം പ്രതീക്ഷിക്കുന്നത്. പക്ഷെ അപ്പോഴേക്കും അനേകം മൈലുകൾ നമ്മൾ നീങ്ങിയിരിക്കും. ഒരിക്കലും തിരിച്ചു വരുവാൻ സാധിക്കാത്തതു പോലെ.

എന്നാൽ ഒരു കാര്യം മറന്നു പോകരുത്. നാം മടങ്ങി വരുവാൻ ആഗ്രഹിക്കുന്ന ഒരു അവസരം പോലും കർത്താവു നിരസിക്കുകയില്ല. അതുകൊണ്ടാണ് യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നതുപോലെ യൂദായ്ക്ക് വീണ്ടും കർത്താവ് അവസരം കൊടുക്കുന്നത്. കാണിച്ചു കൊടുക്കുവാൻ വന്ന യൂദായോടും പിടിക്കുവാൻ വന്ന സംഘത്തോടും കർത്താവും തന്നെ പറയുന്നു. ഞാൻ തന്നെയാകുന്നു നസറായനായ യേശു. നിങ്ങൾ തിരയുന്നവൻ ഞാൻ തന്നെ. അവൻ നഷ്ടപ്പെട്ടു പോകാതിരിക്കേണ്ടതിന് യേശു

തന്നെത്താൻ ഉപേക്ഷിച്ചു കൊടുക്കുകയാണ്. പിന്നീടും ആ അവസരവും അവൻ നിഷേധിച്ചു പിന്നു നമുക്കു കാണുവാൻ സാധിക്കും.

അപ്പൊ. പ്രവൃത്തി ഒന്നാം അദ്ധ്യായത്തിന്റെ 20-ാം വാക്യത്തിൽ കാണുന്നു അവന്റെ അദ്ധ്യക്ഷസ്ഥാനം മറ്റൊരുത്തനു ലഭിക്കട്ടെ! കർത്താവു തന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ യിസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കുവാനുള്ള അവസരം അവൻ നഷ്ടമാക്കി. ലോകത്തിന്റെ ഏതെങ്കിലും ഒരു ദേവാലയത്തിൽ രക്ഷാ ദൗത്യവുമായി പോയി വരും തലമുറക്കാരുടെ മനസ്സിൽ ചിര പ്രതിഷ്ഠ നേടേണ്ട യൂദാ വെറും മുപ്പതു വെള്ളിക്കാശിനു തന്റെ പ്രീതിയെ ഒറ്റു കൊടുത്തു.


പലപ്പോഴും യൂദായെയും പത്രോസിനെയും കുറ്റം വിധിക്കുന്ന നമുക്കും ഒന്നു ചിന്തിക്കുവാനുള്ള അവസരമാണിത്. ചിലപ്പോൾ കുറച്ചു പണത്തിനു വേണ്ടിയായിരിക്കാം, അല്ലെങ്കിൽ ഒരു ചെറിയ ഭക്ഷണത്തിനു വേണ്ടിയാകാം നാം നമ്മുടെ സഹോദരങ്ങളോടു ദ്രോഹം പ്രവർത്തിക്കുന്നത്. പ്രിയമുള്ളവരെ നാം നമ്മുടെ അവസരം നഷ്ടമാക്കി കളയരുത്. അവരെ സ്നേഹിക്കുവാനുള്ള അവസരം കളയരുത്. സഹോദരനെ പകെക്കുന്നവൻ ഏവനും കുലപാതകൻ ആകുന്നു. നമ്മൾ കടിപിടി കൂടുന്നത് നശിച്ചു പോകുന്ന ഭൗതിക നന്മകൾക്കു വേണ്ടിയാണ്. എന്നാൽ ദൈവ വചനം പറയുന്നു. "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ. [റോമർ-14:17]

ഈ പ്രാവശ്യം ചിന്തിക്കുന്നത് 21-മുതൽ-26 വരെയുള്ള വാക്യങ്ങളാണ്. യേശു കർത്താവിന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്ന യോഹന്നാൻ സ്നാപകന്റെ കൈക്കീഴിലെ സ്നാനം മുതൽ –

യേശു കർത്താവിന്റെ സ്വർഗ്ഗാരോഹണം വരെ പന്ത്രണ്ട് ശിഷ്യൻമാരെ കൂടാതെ മറ്റു ചില പുരുഷൻമാരും യേശുവിനെ നിരന്തരം പിൻതുടരുന്നുണ്ടായിരുന്നു എന്നു നമുക്കു കാണുവാൻ സാധിക്കും. യേശു കർത്താവിന്റെ പുനരുത്ഥാനത്തിന് സാക്ഷിയായിത്തീർന്ന യോസഫിന്റെയും മത്തിയാസിന്റെ പേരുകൾ യൂദാസിന് പകരമായി ചീട്ടിട്ടു. സകല ഹൃദയങ്ങളെയും അറിയുന്ന കർത്താവിന്റെ കരങ്ങളിൽ അവർ ഏല്പിച്ചു. ചീട്ട് മത്തിയാസിനു വീഴുകയും പതിനൊന്ന് അപ്പോസ്തലൻമാരുടെ കൂട്ടത്തിൽ എണ്ണപ്പെടുകയും ചെയ്തു.

തങ്ങൾ ചെയ്യുന്ന എല്ലാ പ്രവൃത്തിയിലും ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുന്ന ശിഷ്യൻമാരെയാണ് നമുക്കു കാണുവാൻ കഴിയുന്നത്. നമ്മുടെ ജീവിതത്തിലും എല്ലാ പ്രവൃത്തിയിലും ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുന്നവരാകാം.

ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.


അഗാപെ കൈയെഴുത്തു മാസിക
THE
HOLY BIBLE
CONTAINING THE
OLD AND NEW
BIBLE HISTORY
www.agapemagazine.com

കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച.

## വേദപുസ്തക ചരിത്രം

5. ബൈബിൾ ദൈവശ്വാസീയമാണെന്നു ഉള്ളതിന് ചില ന്യായങ്ങൾ.

(1) "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്" (2 തിമൊ. 3:16) എന്നു പൗലോസ് അപ്പൊസ്തലൻ എഴുതിയിരിക്കുന്നു. "ദൈവശ്വാസീയം" എന്നു പറഞ്ഞാൽ ദൈവത്തിന്റെ ശ്വാസത്താൽ ഉളവായത് എന്നാണർത്ഥം. വേദപുസ്തക എഴുത്തുകാർ ദൈവശ്വാസീയമാകുന്ന പരിശുദ്ധാത്മാവിൽ നിറഞ്ഞാണു ദൈവവചനം രേഖപ്പെടുത്തിയിരിക്കുന്നത് എന്നു സാരം. അതുകൊണ്ടാണ് ഈ മഹദ്ഗ്രന്ഥത്തിന് ആദിയോടന്തം വൈരുദ്ധ്യങ്ങളില്ലാതെ പഴയ നിയമം ക്രിസ്തുവിനെ നിഴലായും പുതിയ നിയമം അതിന്റെ പൊരുളായും തീർന്നത്.

(2). "ഇപ്രകാരം യഹോവ അരുളിച്ചെയ്യുന്നു" എന്ന് ബൈബിളിൽ രണ്ടായിരത്തിൽ അധികം പ്രാവശ്യം പറഞ്ഞിരിക്കുന്നു.

(3). ബൈബിളിന്റെ അത്ഭുതകരമായ ഉള്ളടക്കം അതു ദൈവവചനമാണെന്നു തെളിയിക്കുന്നു.


(4). ബൈബിളിലെ 66 പുസ്തകങ്ങളുടെ അന്യോന്യ പൊരുത്തം അതു ദൈവവചനമാണെന്നു ഉള്ളതിന്റെ തെളിവാണ്.

(5). നിവൃത്തിയായ പ്രവചനങ്ങൾ വേദപുസ്തകത്തിന്റെ ദൈവനിശ്വാസതയ്ക്ക് അനിഷേധ്യമായ തെളിവാണ്. പല പ്രവചനങ്ങളും പ്രവാചകന്മാരുടെ കാലശേഷമാണു നിറവേറിയത്. അതുകൊണ്ട് പ്രവചനങ്ങളിൽ യാതൊരു സ്വാധീനവും ചെലുത്തുവാൻ പ്രവാചകന്മാർക്കു കഴിയുമായിരുന്നില്ല. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ മാത്രം മതി ബൈബിളിന്റെ സത്യസന്ധത തെളിയിക്കാൻ.

(6). വളരെ സ്വാധീനശക്തിയുള്ള അനേകം മതമേധാവികളും ഭരണാധികാരികളും ഈ പുസ്തകത്തെ ഭൂമുഖത്തുനിന്നും തുടച്ചുമാറ്റുവാൻ-

കഠിന പ്രയത്നം ചെയ്തിട്ടും, ലോകത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള ഗ്രന്ഥമായി ബൈബിൾ ഇന്നും നിലനിൽക്കുന്നു. ദൈവിക സത്യങ്ങൾ മനുഷ്യർക്കു നല്കുന്നതിൽ വ്യാപരിച്ച ആത്മാവിന്റെ വ്യാപാരശക്തിക്കു വെളിപ്പാട് എന്നു പറയുന്നു. വെളിപ്പെടുത്തപ്പെട്ട ദൈവിക സത്യങ്ങൾ തെറ്റു കൂടാതെ മാനുഷിക ഭാഷയിൽ പ്രകാശിപ്പിക്കുവാൻ വേദപുസ്തക എഴുത്തുകാരിൽ വ്യാപരിച്ച ആത്മാവിന്റെ ശക്തിക്ക് ദൈവനിശ്വസ്തത എന്നു പറയുന്നു. വേദപുസ്തകത്തിലെ അമൂല്യമേറിയ സത്യങ്ങൾ ഗ്രഹിക്കണമെങ്കിൽ ദൈവാത്മാവിന്റെ പ്രകാശനം ഉണ്ടെങ്കിലേ മതിയാകൂ.

(തുടരും....)


അഗാപെ കൈയെഴുത്തു-മാസിക
How great you are,
O Sovereign LORD!
- 2 Sam. 7:22
LIFE STYLE EVANGELICALISM
www.agapemagazine.com

# അഗാപെ കൈയ്യെഴുത്തു മാസിക

ലേഖനം:-

[1 പത്രോസ് 2:11-12] പ്രിയമുള്ളവരെ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുന്നേടത്തും നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടിട്ടു സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്നു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു.

ഈ വാക്യത്തെ മൂന്നായിട്ടു പിരിച്ചു വായിക്കുകയാണ്.

ഒന്നാമത്തെ ഭാഗം- പ്രിയമുള്ളവരെ, നിങ്ങളുടെ ആത്മാവിനെതിരായി പോരാടിക്കൊണ്ടിരിക്കുന്ന ജഡമോഹങ്ങളിൽ നിന്നു പ്രവാസികളും പരദേശികളുമെന്ന നിലയിൽ ഒഴിഞ്ഞു നിൽക്കുവാൻ നിങ്ങളോടു ഞാൻ പ്രബോധിപ്പിക്കുന്നു.

ഭാഗം-2. ജാതികളുടെ ഇടയിലുള്ള നിങ്ങളുടെ നടപ്പു നന്നായിരിക്കട്ടെ.

ഭാഗം-3. നിങ്ങൾ ദുഷ്കർമ്മികളാണെന്നു നിങ്ങൾക്കെതിരായി പറയുന്നവർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സന്ദർശന ദിവസം [ന്യായവിധിയുടെ ദിനം] ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

ആദ്യമായി ഒന്നാമത്തെ ഭാഗം ചിന്തിക്കാം. ഈ ഭൂമിയിൽ നാമവർ പ്രവാസികളും പരദേശികളുമാണെന്ന് അടിസ്ഥാനത്തിൽ ജീവിക്കേണ്ടിയിരിക്കുന്നു. ലോകം പലവിധമായ മോഹങ്ങൾ തന്ന് നമ്മെ ആകർഷിപ്പിച്ചേക്കാം. ലോക മാർക്കറ്റിൽ തിന്മകൾ നല്ലതും കാണാൻ ഭംഗിയുള്ളതും ജനത്തെ പ്രലോഭിപ്പിക്കാൻ കഴിയുന്നതുമായ കടുംവിഷ സാമഗ്രികൾ സാത്താന്യ ആത്മാവിനാൽ പടച്ചു വിടുന്നുണ്ട്. എന്നാൽ തിരുവചനം പറയുന്നു, നിങ്ങൾ പ്രവാസികളാണ്, പരദേശികളാണ്. -

ശേഖരിച്ചു വാങ്ങി കൂട്ടുന്ന ധനം നിലങ്ങൾ സ്വത്തുക്കൾ കൊണ്ടു പോകുവാൻ കഴിയുന്നതല്ല. ലോകത്തിന് നിയമങ്ങളുണ്ട്. നമുക്ക് കുറച്ചു കാര്യങ്ങൾ മാത്രമേ കൊണ്ടു പോകുവാൻ പറ്റുകയുള്ളൂ. ഭൂമിയിൽ നിന്നോ മറ്റോ വർഷത്തിലൊരിക്കൽ പോകുന്നതു പോലെ ഇടയ്ക്കിടക്കു പോയി വരുവാനും കഴിയുന്നതല്ല.

"വിശുദ്ധന്മാർക്കു ഒരിക്കലായിട്ട് ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിന്നു വേണ്ടി പോരാടേണ്ടതിന് വേണ്ടിയാണ് നമ്മെ വിളിച്ചിരിക്കുന്നത്" (യൂദാ 1:4). ഒരിക്കൽ മരിക്കുക പിന്നെ ന്യായവിധിയുമാണ്.

ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം. ഇവയെല്ലാം ലോക മാർക്കറ്റിൽ സുലഭം കിട്ടുന്നതാണ്. എന്നാൽ ഇതിൽ നിന്നെല്ലാം ഒഴിഞ്ഞു നിൽക്കുവാനാണ് പൗലോസ് അപ്പോസ്തലൻ നമ്മെ പ്രബോധിപ്പിക്കുന്നത്. 'ഉള്ളതു കൊണ്ട് തൃപ്തിപ്പെടുവിൻ'. തിമൊഥെയോസിന് എഴുതിയ ലേഖനത്തിൽ [1 തിമൊഥെ 6:6] പൗലോസ് പറയുന്നു "ഉള്ളതു കൊണ്ട് തൃപ്തിപ്പെടുന്നവനു ദൈവഭക്തി വലിയൊരു നേട്ടമാണ്."

രണ്ടാമത്തെ ഭാഗം:- ജാതികളുടെ നടുവിലുള്ള നിങ്ങളുടെ നടപ്പ് നന്നായിരിക്കട്ടെ. നമ്മെ അറിയിച്ചിരിക്കുന്ന സുവിശേഷത്തിന് യേശുവിന്റെ സാക്ഷികളാകുക. ഏറ്റവും പ്രയാസമേറിയ കാര്യമത്രേ. കാരണം ഏറ്റവും കൂടുതൽ നമ്മെ വ്യക്തിപരമായി അറിയുന്നതും ദൈനംദിന ജീവിതത്തിൽ ഇടപഴകേണ്ടി വരുന്ന എല്ലാ മനുഷ്യരെയും നോക്കി കാണുന്നതുമായ സമൂഹമായതുകൊണ്ട്. ഇവിടെ നമ്മൾ വിശ്വസ്തതയോടെ നിൽക്കുന്നവരായാൽ ദൈവത്തിനു വേണ്ടി ഇവരെ നേടുവാൻ സാധിക്കും. വേറൊരു പ്രത്യേകത അവരോട് സുവിശേഷം പറയേണ്ട എന്നുള്ളതാണ്. നാം അവരെ ജീവിച്ചു കാണിക്കുകയാണ്. ഫിലിപ്പോസ് കർത്താവിനോട് ചോദിച്ചു [യോഹന്നാൻ 14:9]

"കർത്താവേ പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരേണം, എന്നാൽ ഞങ്ങൾക്ക് മതി". കർത്താവു മറുപടി പറഞ്ഞത് "ഞാനിത്ര കാലം നിങ്ങളോടു കൂടെ ആയിരുന്നിട്ടും നീ എന്നെ അറിയുന്നില്ലേ ഫിലിപ്പോസേ" എന്നെ കണ്ടവൻ എന്റെ പിതാവിനെ കണ്ടിരിക്കുന്നു." ഈ വലിയ ഒരു ആത്മ ഉത്തരവാദിത്തം ആയിരിക്കണം നമുക്കുണ്ടാകേണ്ടത്. ഈ വലിയ ദൗത്യം. മറ്റുള്ളവർ ക്രിസ്തുവിനെ എന്നിലൂടെ ദർശിക്കും എന്നുള്ള പൂർണ്ണമായ ദൗത്യം.

നമ്മുടെ വീട്ടിൽ അതിഥികൾ വരുമ്പോൾ കുഞ്ഞുങ്ങൾ കർട്ടനു മറഞ്ഞിരിക്കുന്നതുപോലെ നമ്മൾ ക്രിസ്തുവിൽ മറഞ്ഞിരിക്കേണം. ഒരിക്കലും 'ഞാൻ' എന്ന 'എന്നെ' ലോകത്തിനു മുമ്പിൽ പ്രദർശിപ്പിക്കരുത്. ഇനിയും ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്.

ഒരിക്കൽപോലും തന്റെ ദൈവത്വത്തിന്റെ പ്രാധാന്യം നൽകാതെ ക്രൂശിലെ മരണത്തോളം അനുസരണം കാണിച്ച ക്രിസ്തുവിന്റെ ശിഷ്യന്മാരായ നാമും അങ്ങനെയാണ് ചെയ്യേണ്ടത്.

നമ്മൾ ആരാധനക്കു വരുമ്പോൾ, ദൈവ സന്നിധാനത്തിനു മുമ്പിൽ നിന്നു സംസാരിക്കുമ്പോൾ, നമ്മുടെ സംസാരങ്ങൾക്കും നിൽപ്പിനും, ഭാവത്തിനും എല്ലാം കൃത്യതയുണ്ടാകും. ഒരിക്കലും നമ്മുടെ ഉത്തമ സ്വഭാവത്തെ മറ്റുള്ളവർ പഴിക്കുവാൻ നമ്മൾ അനുവദിക്കില്ല. എന്നാൽ ഒരു മുഖംമൂടിയണിഞ്ഞ ജീവിതത്തിൽ നമ്മൾ ഇന്നതാണ് മറ്റുള്ളവർക്ക് തോന്നിപ്പിക്കുവാൻ സാധിക്കും. പക്ഷെ ദൈവത്തിന്റെ കാലം കൊണ്ട് തിരിച്ചറിയുവാൻ സാധിക്കും.

മൂന്നാമത്തെ ഭാഗം:- നിങ്ങൾ ദുഷ്കർമ്മികളാണെന്നു നിന്ദിക്കാനായി പറയുന്നവർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സന്ദർശന ദിവസം [ന്യായവിധി ദിവസം] ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

ഇതിലും എനിക്ക് ചൂണ്ടിക്കാട്ടുവാനുള്ളത് നമ്മുടെ കർത്താവിനെ തന്നെയാണ്. എല്ലാ നല്ല കാര്യങ്ങളും പുറപ്പെടുവിച്ചിട്ടും തിന്മ ഒന്നും ചെയ്യാതിരുന്നിട്ടും യഹൂദന്മാർ അവനെ ദുഷ്കർമ്മികളുടെ കൂട്ടത്തിൽ എണ്ണി. അവന്റെ നല്ല പ്രവൃത്തികളുടെ ഫലം അതിൽ പങ്കു പറ്റിയിട്ടും യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ (53:9) വായിക്കുന്നതു പോലെ "അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചന ഒന്നും ഇല്ലാതെയും ഇരുന്നിട്ടും അവർ അവനു ദുഷ്ടന്മാരോടു കൂടെ ശവക്കുഴി കൊടുത്തു. ഫിലിപ്പിയർ 2:9-11 വരെയുള്ള വാക്യത്തിൽ നാം കാണുന്നു അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി. അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർഗ്ഗലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറകയും ചെയ്യേണ്ടി വരും"

നമ്മെ ദുഷ്കർമ്മികളാണെന്നാണോ ലോകം എണ്ണുന്നത്. ലോകവുമായി ഇടപഴകി ജീവിക്കുമ്പോൾ ഇതിലും മറ്റുള്ളവർ നമ്മെ ദുഷ്പ്രവൃത്തിക്കാർ എന്നു പറഞ്ഞ് വ്യഭിചാരികളോടു ചേർത്തു കൂട്ടുമ്പോൾ, എന്റെ നാവ് ഭോഷത്തിനു വിട്ടുകൊടുക്കുമ്പോൾ, ഞാൻ ഇരുന്നു എന്റെ സഹോദരനു വിരോധമായി സംസാരിക്കുമ്പോൾ, എന്റെ അമ്മയുടെ മകനെക്കുറിച്ചു അപവാദം പറയുമ്പോൾ, പിന്നെ എങ്ങനെ ലോകം എന്നെ ദുഷ്പ്രവൃത്തിക്കാരൻ -

പറഞ്ഞാലും. ഒരിക്കലും പറയില്ല. അവരുടെ കൂട്ടത്തിലൊരാളാണെന്ന പറഞ്ഞുകൂടൂ.

കൈക്കൂലി വാങ്ങാതിരിക്കുമ്പോൾ, ചേതം വന്നാലും സത്യത്തിനു വേണ്ടി നിൽക്കുമ്പോൾ, പാപങ്ങളോടു പോരാടുന്നതിൽ പ്രാണനെ വരെ വിട്ടു കൊടുക്കുവാൻ തയ്യാറാവുമ്പോൾ, വിശ്വാസത്തിനു വേണ്ടി വിട്ടുവീഴ്ചകൾ ചെയ്യാതിരിക്കുമ്പോൾ, നമ്മൾ ലോകത്തിനും മറ്റുള്ളവർക്കും ദുഷ്പ്രവൃത്തിക്കാരായി തോന്നും. എന്നാൽ നിങ്ങൾ നന്മ ചെയ്യുന്നതിൽ തളരാതിരുന്നാൽ മതി. നീതിയോടെ വിധിക്കുന്ന ഒരു രാജാവ് രാജ്യഭാരം ഏൽക്കുവാൻ കടന്നു വരുന്നുണ്ട്. അന്ന് നിങ്ങൾക്ക് പ്രതിഫലം ലഭിക്കും നിശ്ചയം. അന്നു നമ്മെ ദുഷ്പ്രവൃത്തിക്കാർ എന്നെണ്ണിയവർ ലജ്ജിച്ചു തലതാഴ്ത്തും. അന്നു അവൻ നമ്മുടെ കണ്ണിൽ നിന്നു കണ്ണീർ എല്ലാം തുടച്ചു നീക്കും.

പ്രിയമുള്ളവരെ, നമ്മുടെ നടപ്പു നല്ലതായിരിക്കട്ടെ. നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി. പകൽ അടുത്തിരിക്കുന്നു. അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചു കളഞ്ഞു വെളിച്ചത്തിന്റെ ആയുധ വർഗ്ഗം ധരിച്ചുകൊൾക. പകൽ സമയത്തു എന്നപോലെ നാം മര്യാദയായി നടക്ക. വെറിക്കൂത്തു, കുടിയും മദ്യപാനങ്ങളിലുമല്ല. ശയനമോഹങ്ങളിലും, ദുഷ്കാമങ്ങളിലുമല്ല. പിണക്കത്തിലും അസൂയയിലുമല്ല. കർത്താവായ യേശുക്രിസ്തുവിനെ തന്നെ ധരിച്ചു കൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത്. [റോമർ 13: 11-14]


BIBLE CLASS

അനുഗ്രഹീത ബൈബിൾ ക്ലാസ് 24-ാം വർഷത്തിലേക്ക്.

പാസ്റ്റർ ജെക്സി മാത്യു നയിക്കുന്ന ബൈബിൾ ക്ലാസുകൾ എല്ലാ തിങ്കളാഴ്ചയും രാത്രി 8:30 മുതൽ 10 വരെ ദുബായ് ഹോളി ട്രിനിറ്റി ചർച്ചിലും എല്ലാ ബുധനാഴ്ചയും 8.30 മുതൽ 10 വരെ ഷാർജാ വർഷിപ്പ് സെന്ററിലും വച്ച് നടന്നു വരുന്നു.

സമാധാനവും താഴ്മയും ഉള്ളവനായ യേശു കർത്താവിന്റെ ഭാവം ജീവിതത്തിൽ അനുവർത്തിച്ച് ആത്മീകർക്ക് ആശ്വാസം കൊടുക്കുവാൻ ദൈനംദിന ജീവിതത്തിൽ വന്നു പോകുന്ന പാപങ്ങളെ തിരിച്ചറിഞ്ഞ് ഉപേക്ഷിച്ച് ജീവിതത്തെ ക്രമീകരിക്കുവാൻ സുവർണ്ണാവസരം.

വിശ്വാസികൾക്ക് പൗലോസ് എഴുതിയ ലേഖനത്തിന്റെ ആഴങ്ങളിലേക്ക് നിങ്ങളെ നടത്തുന്നു.

കൂടുതൽ വിവരങ്ങൾക്ക്: മാറാനാഥാ ഫുൾ ഗോസ്പൽ ചർച്ച്
ദുബായ്,

www.facebook.com/mfgcdubai


MARANATHA
MELODY
Angels
presents
എന്തു നല്ലോർ സഖി
What a friend
"A live Christian musical concert"
Special Guest
Br. RSV
music composer/director
Dubai - GEMS Millenium School, Al Qusais - Saturday 08th Feb 2014 @ 7:30 pm
Abu Dhabi - Brotheren Church Hall, Musaffah - Friday 21st Feb 2014 @ 7:30 pm
Ruwais - Ghayathi Industrial Area - Thursday 13th Feb 2014 @ 7:30 pm
For more details, Contact :
050 - 6513767 / 050 - 6502421
Find us on Facebook
www.facebook.com/mfgcdubai


# അഗാപെ കൈയ്യെഴുത്തു മാസിക

"യേശു നല്ലോർ സഖി"

മാരാമൺ മെത്തഡിസ്റ്റ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന "യേശു നല്ലോർ സഖി" ഫെബ്രുവരി 8ന് ഷാർജ മില്ലേനിയം സ്കൂളിൽ വെച്ച് ദൈവകൃപയാൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പുതിയ മ്യൂസിക് ഡയറക്ടർ ബ്രദർ. RSV മുഖ്യാതിഥിയായിരിക്കും. ഏവരെയും പ്രസ്തുത ഗാന സന്ധ്യയിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്. വിളിക്കുക. 050-6513767/050-6502421

# അഗാപെ കൈയ്യെഴുത്തു മാസിക




# QUIZ

Email id: agape.magasine@gmail.com

## ചോദ്യാവലി.

1. ബൈബിളിൽ ആദ്യമായി പേര് രേഖപ്പെടുത്തിയിരിക്കുന്നത് ആരുടെ?

2. ആരു ജനിച്ചതിനു ശേഷമാണ് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങിയത്?

3. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ രക്തസാക്ഷി.

ഉത്തരങ്ങൾ അയക്കേണ്ട വിലാസം agape.magasine@gmail.com

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ:-

1. തോട്ടം നനെപ്പാൻ ഒരു നദി ഏദെനിൽ നിന്നു പുറപ്പെട്ടു; അതു അവിടെ നിന്നു നാലു ശാഖയായി പിരിഞ്ഞു. ആ നാലു നദി അവയുടെ പേരുകൾ?
ഉത്തരം:- 1. പീശോൻ, 2. ഗീഹോൻ, 3. ഹിദ്ദേക്കെൽ, 4. ഫ്രാത്ത്.

2. ബൈബിളിലെ മദ്ധ്യം നടുവിലെ വാക്യം ഏത്?
ഉത്തരം: സങ്കീർത്തനം 118:8. - മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു.

3. വിശുദ്ധ സ്നാനം ഏൽക്കുന്നത് ആരോടു ചേരുവാനാണ്?
ഉത്തരം:- ക്രിസ്തുവിനോടു ചേരുവാൻ. [റോമർ 6:3]

ശരിയുത്തരം അയച്ചവർ: റെജി തോമസ്, ജിലോ തോമസ്.